Lalith Babu

**വിവരാവകാശ കമ്മീഷൻ എടുത്ത തീരുമാനത്തിന്മേൽ നടപടി സ്വീകരിക്കുവാൻ സർക്കാരിനധികാരമില്ല കമ്മീഷന്റെ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് ഹൈകോടതിയിൽ അപ്പീൽ സമർപ്പിക്കാനേ കഴിയുകയുള്ളൂ**

**കേരള സർക്കാർ**

നം. 63628/സി.ഡി.എൻ.5/13/പൊ.ഭ.വ.

പൊതുഭരണ (ഏകോപനം) വകുപ്പ്,
തീയതി, തിരുവനന്തപുരം, 12-03-2015

പ്രേഷിതൻ

**സെക്രട്ടറി**

സ്വീകർത്താവ്

കമ്മീഷണർ, ലാന്റ് റവന്യൂ,
ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്,
തിരുവനന്തപുരം.

സർ,

**വിഷയം:-** വിവരാവകാശ നിയമം 2005–സ്പഷ്ടീകരണം നൽകുന്നത്-സംബന്ധിച്ച്

**സൂചന:** 1. 24-09-2010 തീയതിയിൽ f. 10/2/2008/IR നമ്പരായി പുറപ്പെടുവിച്ച കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം
2. 29-07-2013 തീയതിയിലെ താങ്കളുടെ കാര്യാലയത്തിലെ L.R(L)3-30456/2013 നമ്പർ കത്ത്.

----------

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന-2 പ്രകാരം താങ്കൾ ആവശ്യപ്പെട്ടിരിക്കുന്ന സ്പഷ്ടീകരണം താഴെ കൊടുക്കുന്നു. വിവരാവകാശ ആക്ടിലും സൂചന-1-ൽ സൂചിപ്പിച്ചിരിക്കുന്ന ഓഫീസ് മെമ്മോറാണ്ടത്തിലും ഉള്ള വ്യവസ്ഥകൾ തമ്മിൽ പൊരുത്തക്കേടുകൾ ഉള്ളതായി കരുതാനാവില്ല. 12-06-2008-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ പ്രതിപാദിച്ചിട്ടുള്ള സാഹചര്യങ്ങളുടെ വെളിച്ചത്തിലാണ് ഇക്കാര്യം പരിശോധിക്കേണ്ടത്. പ്രസ്തുത മെമ്മോറാണ്ടത്തിൽ ഖണ്ഡിക 3(iii)-ൽ വിശദമാക്കിയിട്ടുള്ളത് ഇവിടെ പ്രസക്തമാണ്. ആക്ടിന്റെ വകുപ്പ് 6(3) ബാധകമാകുന്നത് മറ്റൊരു പബ്ലിക് അതോറിറ്റിയുടെ കാര്യത്തിലാണ്. ഒന്നിൽക്കൂടുതൽ പബ്ലിക് അതോറിറ്റിയാണെങ്കിൽ ഓഫീസ് മെമ്മോറാണ്ടത്തിൽ വിശദമാക്കിയിട്ടുള്ള നടപടിക്രമമാണ് പാലിക്കേണ്ടത്. ആയതിനാൽ മുഖ്യ വിവരാവകാശ കമ്മീഷണറുടെ തീരുമാനം ശരിയാണെന്ന് കരുതാനാവില്ല. എന്നാൽ വിവരാവകാശ നിയമപ്രകാരം വിവരാവകാശ കമ്മീഷൻ എടുത്ത തിരുമാനത്തിന്മേൽ നടപടി സ്വീകരിക്കുവാൻ സർക്കാരിനധികാരമില്ല. ടി സാഹചര്യങ്ങളിൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കാൻ മുഖ്യ വിവരാവകാശ കമ്മീഷണറെ സമീപിക്കുകയോ വിവരാവകാശകന്റെ പരാമൃഷ്ടമായ ഉത്തരവ് ചോദ്യം ചെയ്യുകൊണ്ട താങ്കൾക്ക ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയോ ചെയ്യാവുന്നതാണ്.

വിശ്വസ്തതയോടെ,

**എം. ഹർഷൻ**
അണ്ടർ സെക്രട്ടറി &
സെക്രട്ടറിക്കുവേണ്ടി